## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3615 — 15/03/2018-ൽ മറുപടിക്ക്

### ഡാമുകളിലെ ജലനിരപ്പ്

| | ചോദ്യം<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് കഴിഞ്ഞ വർഷം ഈ സമയം ഉണ്ടായിരുന്നതിനേക്കാൾ അധികമാണോയെന്നും എങ്കിൽ സംഭരണശേഷിയുടെ എത്ര ശതമാനമാണുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് കഴിഞ്ഞ വർഷം ഈ സമയം ഉണ്ടായിരുന്നതിനേക്കാൾ അധികമാണ്. 2018 മാർച്ച് 9-ാം തീയതിയിലെ കണക്ക പ്രകാരം സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് കഴിഞ്ഞ വർഷത്തേക്കാൾ 18.43% കൂടുതലാണ്. ഇത് മൊത്തം സംഭരണശേഷിയുടെ 54.97% ആണ്. |
| (ബി) | എങ്കിൽ ഇതുമൂലം ജലവൈദ്യുതി ഉൽപ്പാദനം വേനൽക്കാലത്ത് വർദ്ധിപ്പിക്കാനാകുമോ; | (ബി) | ആവശ്യകതയനുസരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതാണ്. |
| (സി) | ജലവൈദ്യുതി ഉൽപ്പാദനത്തിന് താരതമ്യേന ഉൽപ്പാദനചെലവ് കുറവായതിനാൽ ബോർഡിന് ഇത് സാമ്പത്തിക നേട്ടമുണ്ടാക്കുമോ എന്ന് വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനത്ത് ജലവൈദ്യുതി ഉൽപ്പാദനം ചെലവ് കുറഞ്ഞതാണെന്നത് ഒരു വസ്തുതയാണ്. ഇക്കാരണത്താൽ ആണ് സംസ്ഥാനത്ത് കഴിയുന്നത്ര ചെറുകിട ജലവൈദ്യുതപദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. എന്നാൽ രാജ്യത്ത് നിലവിലുള്ള വനം/പരിസ്ഥിതി സംരക്ഷണ നിയമങ്ങളിലെ പ്രതികൂല വ്യവസ്ഥകൾ ഇത്തരത്തിലുള്ള ജലവൈദ്യുത പദ്ധതികൾ സാക്ഷാത്ക്കരിക്കുന്നതിന് വലിയ ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നത്. |

സെക്ഷൻ ഓഫീസർ